DESPATCHED
On.13/2/22


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 113*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1866**/*എസ്.ഐ.സി-ജി 6/22)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ആനന്ദ് കെ എൻ.,
സംസ്ഥാന വൈസ് പ്രസിഡന്റ്,
ഡിഫറന്റ്ലി ഏബിൾഡ് എംപ്ലോയീസ് അസോസിയേഷൻ,
ഗോകുലം, നീയർ പാമ്പുരുത്തി റോഡ്, നാറാത്ത് പി.ഒ.,
കണ്ണൂർ - 670 601.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
റിസർച്ച് ഓഫീസർ,
സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം,
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ജഗതി, തിരുവനന്തപുരം - 14.

2. അപ്പീൽ അധികാരി&
ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്),
ജനറൽ എഡ്യുക്കേഷൻ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം - 14.

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 20.10.2021ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നാരോപിച്ചാണ് 21.01.2022ന് കമ്മീഷന് അപ്പീൽ ഹർജി നൽകിയത്. കേരളത്തിലെ സർക്കാർ/എയിഡഡ് സ്കൂളുകളിൽ പ്രധാനാധ്യാപക തസ്തികകളിൽ ഭിന്നശേഷിക്കാരായവർ എത്രപേർ ഉണ്ടെന്നും അവരുടെ വിവരങ്ങളും ടിയാന്റെ അപേക്ഷയിൽ കൊടുത്തിരിക്കുന്ന ഫോർമാറ്റിൽ നൽകണമെന്നാണ്. എസ്.പി.ഐ.ഒ. ടിയാന് 03.11.2021ന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നിലവിൽ ടി ഓഫീസിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ലെന്നാണ്. ടിയാൻ

സമർപ്പിച്ച അപേക്ഷയ്ക്ക് തികച്ചും നിരുത്തരവാദപരമായ മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് അപ്പീൽ അധികാരിയ്ക്ക് പരാതി സമർപ്പിച്ചുവെന്നും സ്വകാര്യ വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ടി ഓഫീസിലെ വിവര ശേഖരണത്തിന്റെ പരിധിയിൽ വരാത്തവയാണെന്നും കാണിച്ച് പരാതി നിരസിച്ച് ഫയൽ തീർപ്പാക്കിയതായി ടിയാനെ അറിയിക്കുകയാണ് ചെയ്തതെന്നാണ് ടിയാൻ കമ്മീഷന് നൽകിയ അപ്പീൽ ഹർജിയിൽ പറയുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് 27.12.2022ൽ കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹീയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നിലവിൽ ടി ഓഫീസിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ലെന്നാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയത്.

4. രണ്ടാം എതിർകക്ഷി 21.03.2022ന് കമ്മീഷനിൽ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ഹർജിക്കാരൻ നൽകിയ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുവാനും അതിലേയ്ക്ക് ആവശ്യമുള്ള ചെലവ് വഹിക്കുവാനും തയ്യാറാണെന്നും അറിയിച്ചിരുന്നുവെന്നും തുടർന്ന് അപ്പീൽ തീർപ്പാക്കിക്കൊണ്ട് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നിലവിൽ പൊതു അധികാരിയുടെ കൈവശം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ലാത്തവ ആയതിനാലും ഓരോ അപേക്ഷകന്റെയും ആവശ്യപ്രകാരമുള്ള വിവരങ്ങൾ ശേഖരിച്ച് മറുപടി നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നും കമ്മീഷന്റെ തന്നെ 18.05.2017ലെ കത്തിൽ പറഞ്ഞിട്ടുള്ളതിനാലും പ്രസ്തുത വിവരങ്ങൾ മുൻ നിർത്തി അപ്പീൽ അധികാരി മറുപടി നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ലെന്ന് ഒന്നാം എതിർകക്ഷി അറിയിച്ച സാഹചര്യത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/